**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 588**

26.04.2017 - ൽ മറുപടിക്ക്

# കൺസ്യൂമർ ഫെഡിന്റെ കീഴിലുള്ള അരിക്കടകൾ

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ<br>,, സണ്ണി ജോസഫ്<br>,, വി.ടി.ബൽറാം<br>,, അനിൽ അക്കര | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കൺസ്യൂമർ ഫെഡിന്റെ കീഴിൽ അരിക്കടകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ കീഴിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അരിക്കട ആരംഭിച്ചിട്ടുണ്ട്. അരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും, ഇതുവഴി അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്തു വരുന്നു. |
| (ബി) | ഇത്തരം എത്ര അരിക്കടകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടെന്നും പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | ഇത്തരത്തിൽ 678 അരിക്കടകൾ സംസ്ഥാനത്ത് ആരംഭിച്ച് പ്രവർത്തിച്ചിട്ടുണ്ട് |
| (സി) | പ്രസ്തുത അരിക്കടകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു; അതു | (സി) | പ്രസ്തുത അരിക്കടകളുടെ ഉദ്ദേശലക്ഷ്യം അരിയുടെ ക്ഷാമം പരിഹരിക്കുകവഴി പൊതുവിപണിയിലെ വില വർദ്ധനവ് |

| | | | |
|---|---|---|---|
| | നേടാൻ സാധിച്ചിട്ടുണ്ടോ; | | പിടിച്ച് നിർത്തുക എന്നതാണ്. സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിൽ ഇത്തരം വിപണികൾ ആരംഭിച്ചതിലൂടെ അരിയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും, വിവിധലോബികൾ നടത്തുന്ന പൊതു വിപണിയിലെ കടന്നു കയറ്റങ്ങളെ നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |
| (ഡി) | ഇവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | വിലയിരുത്തിയിട്ടുണ്ട്. അരിക്കടകളുടെ പ്രവർത്തനം ഫലപ്രദമാണ്. ഇതിന് പൊതുജനങ്ങൾക്കിടയിൽ നല്ല സ്വീകരണമാണ് ലഭിച്ചിട്ടുള്ളത്. അതിന്റെ ഫലമായിട്ടാണ് കൂടുതൽ സംഘങ്ങൾക്ക് അരിക്കട ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**